**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **06-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഭൂരഹിതരായ ഭവനരഹിതർക്ക് മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഭൂരഹിതരായ ഭവനരഹിതർക്ക് മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതി പ്രകാരം ഫ്‌ളാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടില്ല. |
| (ബി) | ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി പ്രസ്തുത നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂരഹിതരായ ഭവനരഹിതരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, നാളിതുവരെ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും വിശദമാക്കുമോ; | (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അർഹരായി കണ്ടെത്തിയ 1,424 ഭൂരഹിത ഭവനരഹിതരിൽ 502 കുടുംബങ്ങൾ ഭൂമി ആർജ്ജിക്കുകയും ഇതിൽ 385 കുടുംബങ്ങൾ ഭവന നിർമ്മാണാനുകൂല്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറി ലേർപ്പെട്ടിട്ടുമുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ